പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2180 11/02/2020-ൽ മറുപടിക്ക്

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡോക്ടർമാരുടെ ശമ്പള പരിഷ്കരണം

| **ചോദ്യം.**<br>ശ്രീ.സി.മമ്മൂട്ടി | | **ഉത്തരം**<br>കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെയും മറ്റ് അദ്ധ്യാപക വിഭാഗം ജീവനക്കാരുടെയും ശമ്പള പരിഷ്കരണ നടപടികൾ ഏതുഘട്ടം വരെയായെന്ന് വെളിപ്പെടുത്താമോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ/ദന്തൽ/നഴ്സിംഗ്/ഫാർമസി വിഭാഗം അധ്യാപകരുടെ ശമ്പള പരിഷ്കരണം 01/01/2006 തീയതി പ്രാബല്യത്തിൽ അനുവദിച്ച് സർക്കാർ 14/12/2009 - ലെ സ.ഉ(പി) 425/2009/ആ.കു.വ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതുക്കിയ ശമ്പള പരിഷ്കരണം ആവശ്യപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ വിവിധ സംഘടനകൾ സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. പ്രസ്തുത നിവേദനങ്ങൾ ഈ മേഖലയിലെ ശമ്പള പരിഷ്കരണം സംബന്ധിച്ച ആ.കു.വ-എസ്2/61/2018-ആ.കു.വ നമ്പർ ഫയലിൽ പരിശോധിച്ചു വരികയാണ്. ഫയൽ നിലവിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. |
| ബി) പത്ത് വർഷത്തിലൊരിക്കൽ നടക്കേണ്ട ശമ്പള പരിഷ്കരണ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) ജീവനക്കാരുടെ സംഘടനകൾ പണിമുടക്ക് നടത്തുമെന്ന പ്രഖ്യാപനം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ